റേറ്റ് റിവിഷൻ കമ്മിറ്റി

*7 [471] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *എം. കുമാരൻ:*

" *പി. നാരായണൻ:*

" *മാങ്കോട് രാധാകൃഷ്ണൻ:*

" *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ കരാർ നിരക്കുകളും സാധനസാമഗ്രികൾ വാങ്ങുന്നതിന്റെ നിരക്കുകളും സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിന് രൂപീകരിച്ച റേറ്റ് റിവിഷൻ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കമ്മിറ്റി പിരിച്ചുവിടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ കമ്മിറ്റി ഇല്ലാതായതിനുശേഷം ഇത്തരം റേറ്റുകൾ നിശ്ചയിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) — (സി) ഇല്ല. സംസ്ഥാന വൈദ്യുതി ബോർഡിലെ ബന്ധപ്പെട്ട വിഭാഗത്തിന്റെ ബോർഡ് മെമ്പർ ചെയർമാനായും ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ, ഫിനാൻഷ്യൽ അഡൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, ലീഗൽ അഡൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ, ധനകാര്യവകുപ്പിലെ അഡീഷണൽ സെക്രട്ടറി എന്നിവർ മെമ്പർമാരായിട്ടുള്ള ഒരു റേറ്റ്റിവിഷൻ കമ്മിറ്റി 3-8-1995-ൽ രൂപീകരിച്ചിരുന്നു. പ്രവർത്തനക്ഷമത വിലയിരുത്തിയശേഷം 25-10-1997-ൽ ഈ കമ്മിറ്റി നിറുത്തലാക്കി. പകരം ബന്ധപ്പെട്ട മെമ്പർ ചെയർമാനായും ചെയർമാൻ ഒഴികെയുള്ള ഫുൾടൈം മെമ്പർമാരും ഫിനാൻഷ്യൽ അഡൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസറും ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറും മെമ്പർമാരായിട്ടുള്ള ഒരു വർക്സ് കമ്മിറ്റി രൂപീകരിച്ചു. കരാർ വ്യവസ്ഥകൾക്കതീതമായ ആവശ്യങ്ങൾ അനുവദിക്കുന്നത് ബോർഡിന്റെ താൽപ്പര്യത്തിന് അഭിലക്ഷണീയമല്ല എന്ന് കാണുകയാൽ ഈ കമ്മിറ്റിയും 7-12-2001-ലെ ബോർഡ് ഉത്തരവ് പ്രകാരം നിറുത്തലാക്കി.

കരാർ വ്യവസ്ഥകൾക്ക് അതീതമായ നിരക്കുവർദ്ധനവോ കാലാവധി നീട്ടലോ ബോർഡ് പ്രോത്സാഹിപ്പിക്കുന്നില്ല. ഇത്തരം കാര്യങ്ങൾ ഫുൾ ബോർഡിന്റെ പരിഗണനയ്ക്കും ആവശ്യമെങ്കിൽ പിന്നീട് സർക്കാരിന്റെ പരിഗണനയ്ക്കും വിടുകയാണ് ചെയ്യുന്നത്.

LIBRARY, ARCHIVES Kerala Legislative Assembly